## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1011** 25.01.2018 ലെ മറുപടി

## കൊയിലാണ്ടി മണ്ഡലത്തിൽ കേരളാ വാട്ടർ അതോറിറ്റിയുടെ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. ദാസൻ** | | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കൊയിലാണ്ടി മണ്ഡലത്തിൽ കുടിവെള്ളത്തിന് സമഗ്രമായ പദ്ധതികൾ നിലവിലില്ലാത്ത പയ്യോളി നഗരസഭയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധ ജലം എത്തിക്കുന്നതിനായി കേരളാ വാട്ടർ അതോറിറ്റി സമഗ്രമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | എ)<br>ബി)<br>&<br>സി) | പദ്ധതി തയ്യാറാക്കി വരുന്നു. പയ്യോളി മുൻസിപ്പാലിറ്റിയും സമീപ 11 പഞ്ചായത്തുകൾക്കുമായി ഒരു സമഗ്ര പദ്ധതിക്കുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു. പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് അംഗീകരിച്ചതിനു ശേഷം ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ടിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടതായിട്ടുണ്ട്. |
| ബി) പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാവാനുള്ളതെന്ന് വിശദമാക്കാമോ; | | |
| സി) പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ